പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3748 — 25.06.2013 ൽ മറുപടിയ്ക്ക്

## ഖാദിബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഖാദിബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഖാദിബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ താഴെപ്പറയുന്നു.<br>(1) പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം പദ്ധതി)<br>(2) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി) |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) | പി.എം.ഇ.ജി.പി പദ്ധതി അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ ഗ്രാമവ്യവസായങ്ങൾ തുടങ്ങുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. നിർമ്മാണ മേഖലയിൽ 25 ലക്ഷം രൂപയും സേവന/ബിസിനസ്സ് മേഖലയിൽ 10 ലക്ഷം രൂപയും പരമാവധി അനുവദിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ 10 ലക്ഷം രൂപയിലും സേവന മേഖലയിൽ 5 ലക്ഷം രൂപയിലും കൂടുതലുള്ള പദ്ധതി നടപ്പാക്കുന്ന സംരംഭകർ കുറഞ്ഞത് 8- ാം ക്ലാസ്സ് പാസ്സായിരിക്കണം. സമാനമായ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത , 18 വയസ്സ് പൂർത്തിയായ വ്യക്തിക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. |

സ്വന്തം മുതൽ മുടക്ക കഴിഞ്ഞ് 90% മുതൽ 95% വരെ ബാങ്ക് വായ്പ നൽകുന്നു. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ വ്യവസ്ഥ പ്രകാരം മദ്യം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, ജന്തുക്കളെ വളർത്തൽ, ട്രാൻസ്പോർട്ട് സർവ്വീസ്, മത്സ്യം, മാംസം തുടങ്ങിയവ ഉൾപ്പെടുന്ന നെഗറ്റീവ് ലിസ്റ്റിൽ പെടാത്തതും ഗ്രാമപ്രദേശങ്ങളിൽ ആരംഭിക്കുന്നതും മൂലധന ചെലവിന്റെ ഓരോ ലക്ഷം രൂപയ്ക്കും ഒരാൾക്ക് തൊഴിൽ ലഭ്യമാക്കുന്നതുമായ ഏതു വ്യവസായവും ഗ്രാമവ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി വായ്പ ലഭ്യമാക്കുന്നു.

എന്റെ ഗ്രാമം പദ്ധതിയിൽ അപേക്ഷിക്കാവുന്ന പ്രോജക്ടിന്റെ പരമാവധി പദ്ധതിച്ചെലവ് 5,00,000 രൂപയാണ്. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനം മാർജിൻ മണിയായി ലഭിക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും പ്രോജക്ട് കോസ്റ്റിന്റെ 30 ശതമാനവും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 40 ശതമാനവും മാർജിൻ മണി ലഭിക്കുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട സംരംഭകർ പ്രോജക്ട് കോസ്റ്റിന്റെ 10 ശതമാനം സ്വന്തം മുതൽ മുടക്കായി പദ്ധതിയിൽ നിക്ഷേപിക്കുകയോ വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. മറ്റു വിഭാഗങ്ങൾക്ക് ഇത് 5% ആയിരിക്കും. ജനറൽ വിഭാഗത്തിൽപ്പെട്ട സംരംഭകർ പ്രോജക്ട് കോസ്റ്റിന്റെ 90% തുക ബാങ്കുകളിൽ നിന്നോ മറ്റ് സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പയായി ലഭ്യമാക്കണം. മറ്റു വിഭാഗങ്ങൾക്ക് ഇത് 95% ആയിരിക്കും. ഖാദിഗ്രാമവ്യവസായ കമ്മീഷൻ നെഗറ്റീവ് ലിസ്റ്റിൽ പ്പെടുത്തിയിരിക്കുന്ന വ്യവസായങ്ങൾ ഒഴികെ ഏതു വ്യവസായങ്ങൾക്കും വേണ്ടി ഈ വായ്പയ്ക്ക് അപേക്ഷിക്കാം.

സെക്ഷൻ ഓഫീസർ